## കേരള സർക്കാർ

## സംഗ്രഹം

വനം, വന്യജീവി വകുപ്പ്- കുപ്പാടി തടി ഡിപ്പോയിൽ 31--10--95 നടന്ന തടി ലേലം -മെസസേഷ് എബി ആന്റെ് ട്രേഡിംഗ് കോർപ്പറേഷൻ ,പള്ളുരുത്തി ,കൊച്ചിൻ എന്നീ സ്ഥാപനത്തെ ബ്ളാക്ക് ലിസ്റ്റ് ചെയ്ത് ഉത്തരവാകുന്നു

---

വനം, വന്യജീവി (ബി) വകുപ്പ്.

ജി.ഒ. (ആർ.റ്റി) 84/2000, വനം. തിരുവനന്തപുരം, തീയതി 25--2--2000

---

പരാമർശം:- 04/12/99, 07/02/2000 എന്നീ തീയതി കളിലെ. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സംരക്ഷണം ) എഫ്.യു. (3) 31147/97 നം ർ കത്ത്.

## <u>ഉത്തരവ്</u>

30-10-95 ൽ കുപ്പാടി തടി ഡിപ്പോയിൽ നടന്ന ഈട്ടിത്തടി ലേലത്തിൽ വിഭവങ്ങൾ ലേലം കൊണ്ട മെസേഴ്സ് എബി ആന്റ് ട്രേഡിംഗ് കോർപ്പറേഷൻ പള്ളുരുത്തി, കൊച്ചി എന്ന സ്ഥാപനം യഥാസമയം പണമടച്ച് അവ നീക്കം ചെയ്യാതിരുന്ന സാഹചര്യത്തിൽ ടി സ്ഥാപനത്തിന്റെ നഷ്ടോത്തരവാദിത്വത്തിൽ 16/8/96 ൽ കുപ്പാടി ഡിപ്പോയിൽ വച്ച് പുനർ ലേലം നടത്തുകയുണ്ടായി. ലേലനിബന്ധനകളിൽ വീഴ്ച വരുത്തിയ ടീ സ്ഥാപനത്തെ ലേല വ്യവസ്ഥ 7 (ഇ) പ്രകാരം വനം വകുപ്പിൻരെ ഇടപാടുകളിൽ നിന്നും മാറ്റി നിർത്തി ബ്ളാക്ക് ലിസ്റ്റ് ചെയ്യുന്നതിൻരെ ഭാഗമായി അയച്ച കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയെങ്കിലും അവരിൽ നി ന്നും പ്രതികരണമൊന്നുമുണ്ടാകാത്ത സാഹചര്യത്തിൽപ്രസ്തുതസ്ഥ്പനത്തിന് ഒന്നും ബോധിപ്പിക്കാനില്ലായെന്ന നിഗമനത്തിൽ ടിസ്ഥാപനത്തെ വനം വകുപ്പിന്റെ ഇടപാടുകളിൽ നിന്നും സ്ഥിരമായി ബ്ലാക്ക് ലിസ്റ്റു ചെയ്യണമെന്ന് പരാമർശത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശു ാർശ ചെയ്യുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി അതിന്റെ അടിസ്ഥാനത്തിൽ മെസേഴ്സ് എബി ആന്റ് ട്രേഡിംഗ് കോർപ്പറേഷൻ, പള്ളുരുത്തി കൊച്ചിൻ എന്ന സ്ഥാപനത്തെ വനം വകുപ്പിന്റെ ഇടപാടുകളിൽ നിന്ന് സ്ഥിരമായി ബ്ളോക്ക് ലിസ്റ്റ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി. സൂസമ്മ
അണ്ടർ സെക്രട്ടറി

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) തിരുവനന്തപുരം.